# കുപ്രസിദ്ധ ഗുണ്ട "കാപ്പാ" നിയമ പ്രകാരം അറസ്റ്റിൽ

തിരുവനന്തപുരം:- കുപ്രസിദ്ധ ഗുണ്ട പുഞ്ചിരി വിനോദ് കാപ്പാ (KAAPA) നിയമ പ്രകാരം അറസ്റ്റിലായി. തിരുവനന്തപുരം ജില്ലയിലെ കരമന, പൂജപ്പുര, ഫോർട്ട്, നേമം, തുടങ്ങി വിവിധ പോലീസ് സ്റ്റേഷനുകളിലെ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയും കുപ്രസിദ്ധ ഗുണ്ട സോജുവിന്റെ കൂട്ടാളിയുമായ പുഞ്ചിരി വിനോദ് എന്നറിയപ്പെടുന്ന മണക്കാട് നെടുങ്കാട് തളിയൽ കുളത്തറ വീട്ടിൽ വിനോദ് (38) ആണ് കാപ്പ നിയമം പ്രകാരം അറസ്റ്റിലായിട്ടുള്ളത്.

ഗുണ്ടാ നിയമ പ്രകാരം മൂന്ന് പ്രാവശ്യം തടങ്കൽ ശിക്ഷ അനുഭവിച്ച് ജയിൽ മോചിതനായ ശേഷവും 2020-ൽ പാപ്പനംകോട് സ്വദേശിയെ ആക്രമിച്ച് പണം പിടിച്ചു പറിച്ച കേസിലും, എറണാകുളം സ്വദേശിനിയായ സ്ത്രീയോട് അപമര്യാദയായി പെരുമാറിയ കേസിലും, ഫോർട്ട് പോലീസ് സ്റ്റേഷൻ പരിധിയിലെ സ്വദേശിനിയുടെ വീട്ടിൽ അതിക്രമിച്ച് കയറി പണവും സ്വർണ്ണാഭരണങ്ങളും അപഹരിച്ച് പീഡിപ്പിക്കാൻ ശ്രമിച്ച കേസുകളിലെയും മുഖ്യ പ്രതിയാണ്. നിലവിൽ ഫോർട്ട് പോലീസ് സ്റ്റേഷനിലെ കേസിൽ തിരുവനന്തപുരം ജില്ലാ ജയിലിൽ റിമാന്റിൽ കഴിഞ്ഞ് വരികയായിരുന്ന ഇയാളെ ഗുണ്ടാ നിയമപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കണമെന്ന് കാണിച്ച് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) ഡോ.വൈഭവ് സക്സേന നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തിരുവനനതപുരം ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചത്. പ്രതിയെ ജില്ലാ ജയിലിൽ വച്ച് കരമന എസ്.എച്ച്. ഒ പ്രശാന്ത് കുമാറിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്താണ് പൂജപ്പുര സെൻട്രൽ ജയിലിൽ ഒരു വർഷക്കാലത്തേക്ക് കരുതൽ തടങ്കലിലാക്കിയത് .



ഗുണ്ടാ നിയമ പ്രകാരം കരമന പോലീസ് അറസ്റ്റ് ചെയ്ത
വിനോദ് @ പുഞ്ചിരി വിനോദ് ( 38)